31/12/16

10 Rs. COURT FEE भारत INDIA १० रु. दस रुपये TEN RUPEES

## വിവരവകാശ നിയമം 2005 പ്രകാരമുള്ള അപേക്ഷ

പ്രേക്ഷിത,

സുനിഷ. എസ്
വരപ്പിൽ ഹൗസ്, സനാതനപുരം. P.O
കളർകോട്, ആലപ്പുഴ-688003.

സ്വീകർത്താവ്,

പബ്ളിക് ഇൻഫർമേഷൻ ഓഫീസർ
ജില്ലാ സാമൂഹ്യ നീതി ഓഫീസ്
ആലപ്പുഴ ജില്ല

ബഹുമാനപ്പെട്ട സർ,

വിവരവകാശ നിയമം 2005 പ്രകാരം താഴെ പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

1. സാമൂഹ്യ നീതി വകുപ്പിൻറെ കീഴിലുള്ള സൂപ്പർവൈസർ തസ്തികകളിലെ ജീവനക്കാരുടെ വിവരം, ഒഴിവ് എന്നിവ ശേഖരിക്കുന്നത് സംബന്ധിച്ച് 2016 ജൂൺ മാസത്തിൽ E 3-19800/16 എന്ന നമ്പറിൽ സാമൂഹ്യ നീതി ഡയറക്ടറുടെ ഉത്തരവ് പ്രകാരം താങ്കളുടെ ജില്ലയിലെ എല്ലാ ICDS ഓഫീസുകളിൽ നിന്നും പ്രോഗ്രാം ഓഫീസർമാർക്ക് സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ (ഉത്തരവിനോടൊപ്പം നൽകിയിട്ടുള്ള പ്രോഫോമ പൂരിപ്പിച്ചതുൾപ്പെടെ) ജില്ലാതല ക്രോഡീകരണം നടത്തി പൂരിപ്പിച്ച് സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിച്ചപ്പോൾ
   - (a) അതിൽ എത്ര പേർ ജനറൽ വിഭാഗത്തിൽ പ്രവർത്തിക്കുന്നു എന്ന വിവരമാണ് രേഖപ്പെടുത്തി നൽകിയത്?
   - (b) നിലവിൽ ഇപ്പോൾ അവരിൽ എത്ര പേർ ജനറൽ വിഭാഗത്തിൽ പ്രവർത്തിക്കുന്നുണ്ട്?
   - (c) അവരിൽ എത്ര പേർക്ക് നാളിതുവരെ സ്ഥാനക്കയറ്റം, വിരമിക്കൽ, ജോലി രാജി വയ്ക്കൽ, സ്ഥലം മാറ്റം എന്നിവ ഉണ്ടായിട്ടുണ്ട് എന്ന വിവരങ്ങൾ തരം തിരിച്ച് അവരുടെ പേരു സഹിതം ആവശ്യമാണ്.
   - (d) വിവരങ്ങൾ ജില്ലാതല ക്രോഡീകരണം നടത്തി പൂരിപ്പിച്ച് സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിച്ച ശേഷം നാളിതുവരെ താങ്കളുടെ ജില്ലയിലേക്ക് ജനറൽ വിഭാഗത്തിൽ എത്ര പേർ സ്ഥലം മാറ്റം വാങ്ങി വന്നിട്ടുണ്ട്? അവരുടെ പേരു വിവരങ്ങൾ ആവശ്യമാണ്.

2. ഐ.സി.ഡി.എസ് സൂപ്പർവൈസർ തസ്തികയിൽ താങ്കളുടെ ജില്ലയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്?

ആലപ്പുഴ
12/16

വിശ്വസ്തതയോടെ

(ഒപ്പ്)

സുനിഷ. എസ്